| 20-02-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഇപ്പോൾ വികാരങ്ങളെ ദാനം ചെയ്യുകയാണെങ്കിൽ ഗ്രഹണം ഒഴിഞ്ഞുപോകും, ഈ തമോപ്രധാന ലോകം സതോപ്രധാനമാവുകയും ചെയ്യും.**

**ചോദ്യം-** നിങ്ങൾ കുട്ടികൾക്ക് ഏതൊരു കാര്യത്തിൽ ഒരിക്കലും ബുദ്ധിമുട്ട് തോന്നാൻ പാടില്ല?
**ഉത്തരം-** നിങ്ങൾക്ക് തന്റെ ജീവിതത്തോട് ഒരിക്കലും ബുദ്ധിമുട്ട് തോന്നാൻ പാടില്ല, കാരണം ഇതിന് വജ്രസമാന ജന്മമെന്ന് മഹിമയുണ്ട്. ഈ ജീവിതത്തെ സംരക്ഷിക്കുകയും വേണം, ആരോഗ്യശാലിയായി ഇരിക്കുകയാണെങ്കിൽ ജ്ഞാനം കേട്ടുകൊണ്ടിരിക്കാം. ഇവിടെ എത്ര സമയം ജീവിച്ചിരിക്കുന്നുവോ അത്രയും സമ്പാദ്യം ഉണ്ടായിക്കൊണ്ടിരിക്കും, കർമ്മക്കണക്കുകളും തീർന്നുകൊണ്ടിരിക്കും.

**ഗീതം-** ഓം നമ: ശിവായ...

**ഓം ശാന്തി.** ഇന്ന് വ്യാഴാഴ്ചയാണ്. നിങ്ങൾ കുട്ടികൾ സദ്ഗുരുവാർ എന്നു പറയും, കാരണം ബാബ ഇവിടെ സത്യയുഗത്തിന്റെ സ്ഥാപനയും നിർവഹിക്കുന്നുണ്ട്, പ്രായോഗികമായി സത്യനാരായണന്റെ കഥയും കേൾപ്പിച്ചു തരുന്നുണ്ട്. നരനിൽ നിന്നും നാരായണനാക്കി മാറ്റുന്നു. സർവ്വരുടെയും സദ്ഗതി ദാതാവ് എന്ന മഹിമ ബാബക്കുണ്ട്, വൃക്ഷപതിയുമാണ്. ഇത് മനുഷ്യസൃഷ്ടിയുടെ വൃക്ഷമാണ്, ഇതിനെ കൽപ്പ വൃക്ഷമെന്ന് പറയുന്നു. കൽപ്പകൽപ്പം അതായത് അയ്യായിരം വർഷങ്ങൾക്കു ശേഷം അതേപടി ആവർത്തിക്കപ്പെടുന്നു. സാധാരണ വൃക്ഷവും ആവർത്തിക്കപ്പെടാറുണ്ടല്ലോ. ആറു മാസം പുഷ്പിച്ച ശേഷം പിന്നീട് പുന്തോട്ടക്കാരൻ പിഴുത് കളഞ്ഞ് പിന്നീട് വേറെ വച്ചു പിടിപ്പിക്കുന്നു വീണ്ടും പുഷ്പിക്കുന്നു.

ഇപ്പോൾ കുട്ടികൾക്കറിയാം-ബാബയുടെ ജയന്തിയും അരക്കൽപ്പം ആഘോഷിക്കുന്നു, അരക്കൽപ്പം മറന്നുപോകുന്നു. ഭക്തിമാർഗ്ഗത്തിൽ അരക്കൽപ്പം ഓർമ്മിക്കുന്നു. ഭഗവാൻ എപ്പോൾ വന്ന് പുഷ്പങ്ങളുടെ തോട്ടമായ സ്വർഗ്ഗത്തെ സ്ഥാപിക്കും? ധാരാളം ദശകളുണ്ടല്ലോ. ബൃഹസ്പതിയുടെ ദശയുമുണ്ട്, ഇറങ്ങുന്ന കലയുടെ ദശകളും ഉണ്ടാകുന്നു. ഈ സമയം ഭാരതത്തിൽ രാഹുവിന്റെ ഗ്രഹണമാണ് ബാധിച്ചിരിക്കുന്നത്. ചന്ദ്രനിലും ഗ്രഹണം ബാധിക്കുകയാണെങ്കിൽ പറയാറുണ്ട്- ദാനം ചെയ്യൂ, എന്നാൽ ഗ്രഹണത്തിൽനിന്നും മുക്തമാകാം. ഇപ്പോൾ ബാബയും ഇതാണ് പറയുന്നത് അഞ്ച് വികാരങ്ങളെയും ദാനം ചെയ്യൂ എന്നാൽ ഗ്രഹണത്തിൽ നിന്നും മുക്തമാവാം. ഇപ്പോൾ മുഴുവൻ സൃഷ്ടിയിലും ഗ്രഹണം ബാധിച്ചിരിക്കുകയാണ്. അഞ്ചു തത്വങ്ങളെയും ഗ്രഹണം ബാധിച്ചിരിക്കുന്നു, കാരണം ഇപ്പോൾ എല്ലാം തമോപ്രധാനമായിരിക്കുന്നു. ഓരോ വസ്തുവും പുതിയതിൽ നിന്നും പഴയതായിത്തീരുന്നു. പുതിയതിനെ സതോപ്രധാനമെന്നും, പഴയതിനെ തമോപ്രധാനമെന്നും പറയുന്നു. ചെറിയ കുട്ടികളെപ്പോലും സതോപ്രധാന മഹാത്മക്കളേക്കാളും ഉയർന്നതായി കണക്കാക്കുന്നു, കാരണം അവരിൽ പഞ്ചവികാരങ്ങളില്ല. സന്യാസിമാരും ചെറുപ്പത്തിൽ ഭക്തി ചെയ്തിരുന്നു. രാമതീർത്ഥൻ കൃഷ്ണന്റെ പൂജാരിയായിരുന്നു, പിന്നീട് എപ്പോഴാണോ സന്യാസം സ്വീകരിച്ചത് അപ്പോൾ പൂജയും അവസാനിച്ചു. സൃഷ്ടിയിൽ പവിത്രതയുടെ ശക്തിയും ആവശ്യമാണ്. ഭാരതം ആദ്യം വളരെയധികം പവിത്രമായിരുന്നു. പിന്നീട് എപ്പോഴാണോ ദേവതകൾ വാമമാർഗ്ഗത്തിലേക്ക് പോകുന്നത് അപ്പോൾ ഭൂകമ്പത്തിൽ സ്വർഗ്ഗത്തിലെ എല്ലാ സാമഗ്രികളും, സ്വർണ്ണക്കൊട്ടാരങ്ങളും എല്ലാം നശിച്ചുപോകുന്നു. പിന്നീട് വീണ്ടും എല്ലാം പുതിയതായി ഉണ്ടാക്കപ്പെടുന്നു. തീർച്ചയായും വിനാശം ഉണ്ടാകും. എപ്പോഴാണോ രാവണ രാജ്യം ആരംഭിക്കുന്നത്, അപ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഈ സമയം എല്ലാവരും പതിതരാണ്. സത്യയുഗത്തിൽ ദേവതകൾ രാജ്യം ഭരിച്ചിരുന്നു ശാസ്ത്രത്തിൽ ദേവതകളുടേയും അസുരന്മാരുടെയും യുദ്ധത്തെക്കുറിച്ച് കാണിച്ചിട്ടുണ്ട്, പക്ഷേ ദേവതകൾ സത്യയുഗത്തിലാണ് ഉണ്ടാവുക. സത്യയുഗത്തിൽ എങ്ങനെ യുദ്ധം ഉണ്ടാവാനാണ്? സംഗമത്തിൽ ദേവതകൾ ഉണ്ടാവില്ല. നിങ്ങളുടെ പേരാണ് പാണ്ഡവർ. പാണ്ഡവരുടെയും, കൗരവരുടേയും യുദ്ധമൊന്നും ഉണ്ടായിട്ടില്ല. ഇതെല്ലാം അന്ധവിശ്വാസമാണ്. ഇത്രയും വലിയ മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിൽ എണ്ണമറ്റ ഇലകളാണ്, ഇതിന്റെ കണക്ക് ഒരിക്കലും എടുക്കാൻ സാധിക്കില്ല. ദേവതകൾ സംഗമത്തിലല്ല ഉള്ളത്. ബാബ ആത്മാക്കൾക്കാണ് മനസ്സിലാക്കിത്തരുന്നത്, കേൾക്കുമ്പോൾ തലയാട്ടുന്നതും ആത്മാക്കളാണ്. നമ്മൾ ആത്മാക്കളാണ്, ബാബയാണ് നമ്മെ പഠിപ്പിക്കുന്നത് ഇത് പക്കയാക്കണം. ബാബ നമ്മെ പതിതത്തിൽ ഇന്നും പാവനമാക്കുന്നു. ആത്മാവിൽത്തന്നെയാണ് നല്ലതും മോശവുമായ സംസ്കാരമുള്ളത്. നമ്മെ ബാബയാണ് പഠിപ്പിക്കുന്നത് എന്ന് ആത്മാക്കൾ തന്റെ ഇന്ദ്രിയത്തിലൂടെ പറയുന്നു. ബാബ പറയുന്നു, എനിക്ക് നിങ്ങൾക്ക് മനസ്സിലാക്കിത്തരാനും ഇന്ദ്രിയങ്ങൾ

ആവശ്യമാണ്. ബാബ ഓരോ അയ്യായിരം വർഷവും നമുക്ക് ജ്ഞാനം കേൾപ്പിക്കാനായി വരുന്നു എന്ന് ചിന്തിക്കുമ്പോൾ ആത്മാക്കൾക്ക് സന്തോഷമുണ്ടാകുന്നു. നിങ്ങൾ ബാബയുടെ മുന്നിലാണ് ഇരിക്കുന്നത്. അതുതന്നെയാണ് മധുബന്റെ മഹിമയും. എല്ലാവരും വിളിക്കുന്ന ആത്മാക്കളുടെ പിതാവ് ഒരേയൊരു ബാബയാണ്. നിങ്ങൾക്ക് ഇവിടെ ബാബയുടെ സന്മുഖത്തിരിക്കുമ്പോൾ വളരെയധികം ആനന്ദം ഉണ്ടാകുന്നു. പക്ഷേ ഇവിടെ (മധുബൻ)എല്ലാവർക്കും വന്നിരിക്കാൻ സാധിക്കില്ലല്ലോ. തന്റെ കാര്യവ്യവഹാരങ്ങളും, സേവനവും എല്ലാം നോക്കേണ്ട ആവശ്യമുണ്ടല്ലോ. ആത്മാക്കൾ സാഗരത്തിന്റെ അടുത്തേക്ക് വരുന്നത് ധാരണചെയ്ത് പുറമേപ്പോയി മറ്റുള്ളവർക്ക് കേൾപ്പിച്ചു കൊടുക്കാനാണ്. ഇല്ലായെങ്കിൽ എങ്ങനെ മറ്റുള്ളവരുടെ മംഗളം ചെയ്യാൻ സാധിക്കും? യോഗികളും,ജ്ഞാനം ധാരണ ചെയ്യുകയും ചെയ്ത ആത്മാക്കൾക്ക് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ വളരെയധികം താത്പര്യമുണ്ടായിരിക്കും. ഇപ്പോഴാണ് ശിവജയന്തി ആഘോഷിക്കുന്നത്. ഭഗവാനുവാച എന്ന് ശ്രീകൃഷ്ണന്റെ വചനങ്ങളെയല്ല പറയുന്നത്, ശ്രീകൃഷ്ണൻ ദൈവീക ഗുണങ്ങളുള്ള മനുഷ്യനാണ്. ദൈവീക രാജധാനി എന്നാണ് പറയാറുള്ളത്. ദേവീദേവതാ ധർമ്മം ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ എന്ന് നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ മനസ്സിലായി. നിങ്ങൾ ഇപ്പോൾ ദേവതാ ധർമ്മത്തിൽ ഉള്ളവരാണെന്ന് ഒരിക്കലും പറയില്ല, നിങ്ങൾ ഇപ്പോൾ ബ്രാഹ്മണരാണ്, ദേവതകളായി മാറിക്കൊണ്ടിരിക്കുകയാണ്. ദേവതകളുടെ നിഴൽ പോലും ഈ പതിത ലോകത്തിൽ പതിയുകയില്ല, ദേവതകൾക്ക് ഇങ്ങോട്ടു വരാൻ തന്നെ സാധിക്കില്ല. ദേവതക്ൾക്ക് വേണ്ടി പുതിയ ലോകം ആവശ്യമാണ്. ലക്ഷ്മിയെ ആഹ്വാനം ചെയ്യുമ്പോൾ തന്നെ വീട് എത്രയാണ് ശുദ്ധീകരിക്കുന്നത്. അങ്ങനെയെങ്കിൽ ദേവതകൾ ഈ ഭൂമിയിലേക്ക് വരുമ്പോൾ ഈ സൃഷ്ടി എത്രത്തോളം ശുദ്ധമായിത്തീരണം. മുഴുവൻ പഴയ ലോകവും നശിക്കണം. ലക്ഷ്മീദേവിയിൽ നിന്ന് മനുഷ്യർ ധനമാണ് യാചിക്കുന്നത്. ശ്രീലക്ഷ്മിയാണോ വലുത് അതോ ജഗദംബയാണോ വലുത്? ജഗദംബയ്ക്ക് ധാരാളം ക്ഷേത്രങ്ങൾ ഉണ്ട് പക്ഷേ മനുഷ്യർക്ക് ജഗദംബ ആരാണ് എന്നുപോലും അറിയില്ല. ലക്ഷ്മിയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നത് എന്നും, ജഗദംബാസരസ്വതി തന്നെയാണ് വീണ്ടും ലക്ഷ്മിയായിത്തീരുന്നതെന്നും നിങ്ങൾക്ക് മാത്രമേ അറിയൂ. ദേവതകളെക്കാളും നിങ്ങളുടെ പദവിയാണ് ഏറ്റവും ഉയർന്നത്. ഏറ്റവും ഉയർന്നത് ബ്രാഹ്മണകുലമല്ലേ. നിങ്ങൾ തന്നെയാണ് ഏറ്റവും ഉയർന്നത്. നിങ്ങൾക്ക് തന്നെയാണ് മഹിമയും ഉള്ളത്. ജഗദംബാസരസ്വതിയിൽ നിന്നും ലഭിക്കുന്നതെന്താണ്? സൃഷ്ടിയുടെ ചക്രവർത്തീപദവി. സ്വർഗ്ഗത്തിൽ നിങ്ങൾ ധനവാനായിത്തീരും, വിശ്വത്തിന്റെ രാജ്യഭാഗ്യമാണ് ലഭിക്കുന്നത്. പിന്നീട് ഭക്തിമാർഗ്ഗം ആരംഭിക്കുമ്പോൾ നിങ്ങൾ സാധാരണക്കാരനായിത്തീരുന്നു. അപ്പോഴാണ് ലക്ഷ്മിയെ പൂജിക്കുന്നത്. ഓരോ വർഷവും ലക്ഷ്മിയുടെ പൂജ ഉണ്ടാകുന്നു, ലക്ഷ്മിയെ ആഹ്വാനം ചെയ്യാറുണ്ട്, ജഗദംബയെ ഓരോ വർഷവും ആഹ്വാനം ചെയ്യാറില്ല, ജഗദംബയുടെ പൂജ എപ്പോഴും ഉണ്ടാകുന്നുണ്ട്, എപ്പോൾ ആഗ്രഹിക്കുന്നുവോ അപ്പോൾ ജഗദംബയുടെ ക്ഷേത്രത്തിലേക്ക് പോകാം. ഇവിടെയും ജഗദംബയെ എപ്പോൾ വേണമെങ്കിലും കാണാൻ സാധിക്കും, നിങ്ങളും ജഗദംബയല്ലേ. എല്ലാവർക്കും വിശ്വത്തിന്റെ അധികാരികളായിത്തീരുന്നതിനുള്ള വഴി പറഞ്ഞുകൊടുക്കുന്നു. നിങ്ങൾ തന്നെയാണ് ജഗദംബ. എല്ലാവരും ജഗദംബയുടെ മുന്നിൽപ്പോയി സർവ്വതും യാചിക്കാറുണ്ട്. ലക്ഷ്മിയോട് ധനം മാത്രമേ യാചിക്കാറുള്ളൂ. ജഗദംബയുടെ മുന്നിൽ എല്ലാ കാമനകളും വെക്കുന്നു. എപ്പോഴാണോ നിങ്ങൾ ബാബയുടെ കുട്ടിയായിത്തീരുന്നത്, ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നത്, അപ്പോൾത്തന്നെയാണ് നിങ്ങൾക്ക് ഏറ്റവും ഉയർന്ന പദവിയും ഉള്ളത്.

നിങ്ങൾ ഇപ്പോൾ ഈശ്വരീയ സമ്പ്രദായത്തിൽ ഉള്ളവരാണ്, പിന്നീട് ദൈവീക സമ്പ്രദായത്തിൽ ഉള്ളവരായിത്തീരുന്നു. ഈ സമയം ഭാവിയിലേക്കുള്ള നിങ്ങളുടെ എല്ലാ മനോകാമനകളും പൂർത്തീകരിക്കപ്പെടുന്നു. മനുഷ്യർക്കാണ് കാമനകൾ ഉണ്ടാകുന്നത്. നിങ്ങളുടെ എല്ലാ കാമനകളും ഇവിടെ പൂർത്തിയാകുന്നു. ഇത് ആസുരീയ ലോകമാണ്. ഇവിടെ ഓരോരുത്തരും എത്ര കുട്ടികൾക്കാണ് ജന്മം നൽകുന്നത്. സത്യയുഗത്തിൽ എങ്ങനെയാണ് കൃഷ്ണന്റെ ജന്മമുണ്ടാകുന്നത് എന്നെല്ലാം നിങ്ങൾ കുട്ടികൾക്ക് സാക്ഷാത്കാരം ലഭിച്ചിട്ടുണ്ട്. അവിടെ എല്ലാ കാര്യങ്ങളും നിയമപ്രകാരമായിരിക്കും ഉണ്ടാകുന്നത്, ദുഖത്തിന്റെ പേരോ അടയാളമോ ഉണ്ടാകില്ല. ആ സ്ഥലത്തെ സുഖധാമം എന്നാണ് പറയപ്പെടുക. നിങ്ങൾ അനേക തവണ സുഖം അനുഭവിച്ചിട്ടുണ്ട്, അനേക തവണ ജയപരാജയങ്ങളും നേരിട്ടിട്ടുണ്ട്. ഇപ്പോൾ ബാബയാണ് നമ്മെ പഠിപ്പിക്കുന്നത് എന്ന സ്മൃതി ഉണർന്നു. സ്കൂളിൽ വിദ്യാഭ്യാസത്തോടൊപ്പം തന്നെ പെരുമാറ്റവും പഠിപ്പിക്കുന്നുണ്ടല്ലോ. സത്യയുഗത്തിലല്ല ലക്ഷ്മീ നാരായണന്റേതുപോലുള്ള സംസ്കാരം ഉണ്ടാക്കാൻ പഠിപ്പിക്കുന്നത്. ഇപ്പോഴാണ് നിങ്ങൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നത്. ലക്ഷ്മീ നാരായണന്റെ മഹിമയാണ് സർവ്വഗുണസമ്പന്നൻ. . . ഇപ്പോൾ നിങ്ങൾക്കും ഇവർക്കു സമാനമായിത്തീരണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് തന്റെ ഈ ജീവിതത്തോട് ഒരിക്കലും മടുപ്പ് തോന്നരുത്. എന്തുകൊണ്ടെന്നാൽ ഈ ജീവിതത്തിനാണ് വജ്രസമാന ജന്മം എന്ന

മഹിമയുള്ളത്. ഈ ജീവിതത്തെ വളരെ നല്ല രീതിയിൽ സംരക്ഷിക്കണം. എത്രത്തോളം ആരോഗ്യശാലിയായിരിക്കുന്നുവോ ഈ ജ്ഞാനം അവസാനം വരെ കേട്ടുകൊണ്ടിരിക്കാം. അസുഖം വന്നാലും ജ്ഞാനം കേൾക്കാൻ സാധിക്കും. ബാബയെ ഓർമ്മിക്കാനും കഴിയും. ഇവിടെ എത്ര ദിവസം ജീവിക്കുന്നുവോ സുഖത്തോടെ കഴിയണം. സമ്പാദ്യവും ഉണ്ടായിക്കൊണ്ടിരിക്കും, കർമ്മക്കണക്കുകൾ തീർന്നുകൊണ്ടിരിക്കുകയും ചെയ്യും. കുട്ടികൾ ചോദിക്കാറുണ്ട് – ബാബാ, എപ്പോഴാണ് സത്യയുഗം വരിക? ഈ ലോകം എത്ര മോശമാണ്. ബാബ പറയുന്നു – ആദ്യം കർമ്മാതീതഅവസ്ഥ പ്രാപിക്കൂ. എത്ര കഴിയുന്നുവോ പുരുഷാർത്ഥം ചെയ്തുകൊണ്ടേയിരിക്കൂ. കുട്ടികൾക്ക് മറ്റുള്ളവരേയും പഠിപ്പിക്കണം. ശിവബാബയെ ഓർമ്മിക്കൂ.... കാരണം ഇതിനെയാണ് അവ്യഭിചാരി ഓർമ്മ എന്നു പറയുന്നത്. ഒരേയൊരു ശിവനെ മാത്രം ഭക്തി ചെയ്യുന്നതിനെയാണ് അവ്യഭിചാരി ഭക്തി, സതോപ്രധാനഭക്തി എന്നു പറയുന്നത്. ദേവീദേവതകളെ ഓർമ്മിക്കുന്ന ഭക്തിയാണ് സതോഭക്തി. ബാബ പറയുന്നു, എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും എന്നെത്തന്നെ ഓർമ്മിക്കൂ... കുട്ടികൾ തന്നെയാണ് ബാബയെ വിളിക്കുന്നത് – അല്ലയോ പതീതപാവനാ, മുക്തേശ്വരാ, വഴികാട്ടീ . . എന്നൊക്കെ ആത്മാവാണല്ലോ പറഞ്ഞത്.

ബാബ ഇപ്പോൾ സ്മൃതി ഉണർത്തിത്തരുകയാണ്–അല്ലയോ ദുഖഹർത്താ, സുഖകർത്താ വരൂ, വന്ന് ഞങ്ങളെ ദുഖത്തിൽ നിന്നും മുക്തമാക്കൂ, ശാന്തിധാമത്തിലേക്ക് കൊണ്ടുപോകൂ... ഇങ്ങനെയെല്ലാം നിങ്ങൾ കുട്ടികൾ തന്നെയാണ് ഓർമ്മിച്ചത്. ബാബ പറയുന്നു ഞാൻ നിങ്ങളെ ശാന്തിധാമത്തിലേക്ക് കൊണ്ടു പോകുന്നു, പക്ഷെ സുഖധാമത്തിൽ നിങ്ങളുടെ കൂടെ ഉണ്ടാകില്ല. ഇപ്പോഴാണ് ഞാൻ നിങ്ങൾക്ക് കൂട്ടു നൽകുന്നത് എല്ലാ ആത്മാക്കളെയും തിരിച്ച് വീട്ടിലേക്ക് കൊണ്ടുപോകുന്നു. ഇപ്പോൾ ബാബ നിങ്ങളെ പഠിപ്പിക്കാനും പിന്നെ തിരികെ വീട്ടിലേക്ക് കൊണ്ടുപോകാനും കൂട്ടു നൽകുന്നു. ഞാൻ നിങ്ങൾ കുട്ടികൾക്ക് നല്ല രീതിയിൽ എന്റെ പരിചയം കേൾപ്പിച്ചു തരിക മാത്രം ചെയ്യുന്നു. ആര് ഏത് രീതിയിലാണോ പുരുഷാർത്ഥം ചെയ്യുന്നത് അതനുസരിച്ച് അവിടെ പ്രാപ്തി ലഭിക്കുന്നു. ബാബ വളരെ നല്ല രീതിയിൽ വിവേകം നൽകുന്നുണ്ട്. എത്രത്തോളം കഴിയുന്നുവോ എന്നെ ഓർമ്മിക്കുകയാണെങ്കിൽ അത്രയും വികർമ്മം നശിക്കുകയും, പറക്കാനുള്ള ചിറക് ലഭിക്കുകയും ചെയ്യുന്നു. ആത്മാവ് ഒരു ചെറിയ ബിന്ദുവാണ്, അല്ലാതെ ആത്മാവിന് ചിറകൊന്നുമില്ല. ആത്മാവിൽ എങ്ങനെയാണ് 84 ജന്മത്തിന്റേയും രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നതെന്ന് ആർക്കുമറിയില്ല. ആർക്കും തന്നെ ആത്മാവിനെക്കുറിച്ചും പരമാത്മാവിനെക്കുറിച്ചുമുള്ള പരിചയം ഇല്ല. അതുകൊണ്ടാണ് ബാബ പറയുന്നത് – ഞാൻ എങ്ങിനെയാണോ, ഏതുപോലെയാണോ ആ രീതിയിൽ എന്നെ മനസ്സിലാക്കുന്നവർ വളരെ വിരളമാണ്. എന്നിലൂടെ മാത്രമേ എന്നെക്കുറിച്ചും എന്റെ രചനയെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കൂ. ഞാൻ തന്നെയാണ് വന്ന് നിങ്ങൾ കുട്ടികൾക്ക് എന്റെ പരിചയം നൽകുന്നത്. ആത്മാവ് എന്താണ് എന്നുള്ളതിനെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു. ഇതിനെയാണ് ആത്മപരിചയം എന്നു പറയുന്നത്. ആത്മാവ് ഭൃകുടീമധ്യത്തിലാണ് വസിക്കുന്നത്. ഭൃകുടീ മധ്യത്തിൽ തിളങ്ങുന്ന ചൈതന്യ നക്ഷത്രം എന്ന് ആത്മാവിനെക്കുറിച്ച് പറയാറുണ്ട്. പക്ഷേ ആത്മാവ് യഥാർത്ഥത്തിൽ എന്താണ് എന്നുള്ളതിനെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. എപ്പോഴെങ്കിലും ആരെങ്കിലും ആത്മാവിന്റെ സാക്ഷാത്കാരം ലഭിച്ചു എന്നു പറയുകയാണെങ്കിൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കൂ, ആത്മാവ് ഭൃകുടീ മധ്യത്തിൽ ഒരു നക്ഷത്രമാണെന്ന് പറയുന്നത് നിങ്ങളല്ലേ, നക്ഷത്രത്തെ എങ്ങനെ കാണാൻ സാധിക്കും? തിലകവും നക്ഷത്രത്തിന്റെ ആകൃതിയിലാണ് വെക്കുന്നത്. ചന്ദ്രന്റെ സമീപത്ത് നക്ഷത്രങ്ങളെ കാണിക്കാറുണ്ട്. വാസ്തവത്തിൽ ആത്മാക്കൾ നക്ഷത്രത്തെപ്പോലെയാണ്. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു, നിങ്ങളാണ് ജ്ഞാന നക്ഷത്രങ്ങൾ, ബാക്കി മറ്റ് സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ഈ സൃഷ്ടിയാകുന്ന നാടകവേദിക്ക് പ്രകാശം നൽകുന്നവയാണ്. അവരെ ഒരിക്കലും ദേവതകളെന്നുപറയില്ല. ഭക്തി മാർഗ്ഗത്തിൽ സൂര്യനും ജലം അർപ്പിക്കാറുണ്ട്. ഭക്തിമാർഗ്ഗത്തിൽ ബ്രഹ്മാബാബയും ഇങ്ങനെയെല്ലാം ചെയ്തിരുന്നു. സൂര്യദേവതായേ നമഃ, ചന്ദ്രദേവതായേ നമഃ എന്നെല്ലാം ജപിച്ചുകൊണ്ട് അവർക്ക് ജലം അർപ്പിക്കുമായിരുന്നു. ഇതാണ് ഭക്തിമാർഗ്ഗം. ബ്രഹ്മാബാബ ധാരാളം ഭക്തി ചെയ്തിട്ടുണ്ട്. നമ്പർവൺ പൂജ്യ ആത്മാവ് തന്നെയാണ് നമ്പർവൺ പൂജാരിയായിത്തീരുന്നത്. നമ്പർ അനുസരിച്ച് എണ്ണം എടുക്കാറുണ്ടല്ലോ. രുദ്രമാലയിലും നമ്പർ പ്രകാരമാണ്. ഏറ്റവും കൂടുതൽ ഭക്തിയും ബ്രഹ്മാവ് തന്നെയാണ് ചെയ്തത്. ബാബ പറയുന്നു– ഇപ്പോൾ ചെറുതും വലുതുമായ എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്. ഇപ്പോൾ ഞാൻ എല്ലാവരെയും തിരികെക്കൊണ്ടുപോകുന്നു. അതിനു ശേഷം ഇങ്ങോട്ട് വരുന്നില്ല. ബാക്കി ശാസ്ത്രങ്ങളിൽ കാണിക്കുന്നതുപോലെ– പ്രളയമുണ്ടാവുകയും, പ്രളയത്തിൽ കൃഷ്ണൻ ആലിലയിൽ വരികയുമൊന്നും ഉണ്ടാകുന്നില്ല. സൃഷ്ടി ഒരിക്കലും പൂർണ്ണമായും പ്രളയമാവുന്നില്ല. സത്യയുഗത്തിൽ ഗർഭക്കൊട്ടാരമാണ്, അവിടെ കുട്ടികൾ വളരെ സുഖത്തോടെയാണ് ജീവിക്കുന്നത്. കലിയുഗത്തിൽ ഗർഭജയിൽ എന്നാണ് പറയുന്നത്. ഗർഭത്തിലാണ് കുട്ടികൾ താൻ ചെയ്ത പാപകർമ്മത്തിന്റെ കണക്കുകൾ അനുഭവിക്കുന്നത്. എന്നാലും ബാബ പറയുന്നു കുട്ടികളേ, മന്മനാഭവ, എന്നെത്തന്നെ ഓർമ്മിക്കൂ...

പ്രദർശിനി വെക്കുമ്പോൾ ചിലർ ചോദിക്കാറുണ്ട് ഏണിപ്പടിയുടെ ചിത്രത്തിൽ മറ്റൊരു ധർമ്മത്തേയും എന്തുകൊണ്ട് കാണിച്ചില്ല? അപ്പോൾ പറയണം, ദേവതാധർമ്മമല്ലാതെ മറ്റൊരു ധർമ്മത്തിലുള്ളവരും 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വരുന്നില്ല. മറ്റെല്ലാ ധർമ്മങ്ങളെയും വൃക്ഷത്തിന്റെ ചിത്രത്തിൽ കാണിച്ചിട്ടുണ്ട്, ഏണിപ്പടിയുടെ ചിത്രത്തെ നോക്കി നിങ്ങൾക്കും എത്ര ജന്മങ്ങളെടുത്തു എന്ന കണക്കെടുക്കാൻ സാധിക്കും. ഞങ്ങൾക്ക് ഏണിപ്പടിയുടെ ചിത്രത്തിൽ 84 ജന്മങ്ങളെക്കുറിച്ചും കാണിക്കേണ്ടതായുണ്ട്. ബാക്കി എല്ലാ ധർമ്മങ്ങളേയും സൃഷ്ടിചക്രത്തിലും വൃക്ഷത്തിലുമായി കാണിച്ചിട്ടുണ്ട്. ഇതിൽ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഭൂപടം കാണുമ്പോൾ ബുദ്ധിയിൽ മനസ്സിലാക്കാൻ സാധിക്കുന്നു– എവിടെയാണ് ലണ്ടൻ, എവിടെയാണ് ഓരോരോ രാജ്യങ്ങളും. ബാബ എത്ര സഹജമായാണ് മനസ്സിലാക്കി ത്തരുന്നത്. 84 ജന്മത്തിന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കൂ. ഇപ്പോൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണമെങ്കിൽ പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കൂ. എന്നാൽ നിങ്ങൾ പാവനമാവുകയും ചെയ്യും, പാവനമായി പാവനലോകത്തിലെ അധികാരിയായിത്തീരുന്നു. ഇതിൽ ബുദ്ധിമുട്ടേണ്ട ഒരാവശ്യവുമില്ല. എത്ര സമയം ലഭിക്കുന്നുവോ ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ആ സ്വഭാവം പക്കയായിമാറുന്നു. ബാബയുടെ ഓർമ്മയിൽ നിങ്ങൾ മധുബൻ മുതൽ ഡൽഹി വരെ കാൽനടയാത്ര ചെയ്താലും ഒരിക്കലും ക്ഷീണമുണ്ടാകില്ല. സത്യമായ ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ ദേഹബോധം ഇല്ലാതാകുന്നു, ഒരിക്കലും ക്ഷീണവും അനുഭവപ്പെടില്ല. അവസാന സമയത്ത് വരുന്നവരെല്ലാം ഓർമ്മയുടെ കാര്യത്തിൽ തീവ്രഗതിയിൽ മുന്നേറും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം–

1. ഒരേയൊരു ബാബയുടെ അവ്യഭിചാരി സ്മൃതിയിൽ ഇരുന്നുകൊണ്ട് ദേഹബോധത്തെ ഇല്ലാതാക്കണം. തന്റെ കർമ്മാതീത അവസ്ഥ പ്രാപ്തമാക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ഈ ശരീരത്തിൽ ഇരുന്നു കൊണ്ടും അവിനാശീ സമ്പാദ്യം ശേഖരിക്കണം.

2. ജ്ഞാനീ തൂ ആത്മാവായി മാറി മറ്റുള്ളവരുടെ സേവനം ചെയ്യണം, ബാബയിൽ നിന്നും എന്താണോ കേട്ടത് അതിനെ ധാരണ ചെയ്ത് മറ്റുള്ളവർക്കും കേൾപ്പിച്ചുകൊടുക്കണം. അഞ്ച് വികാരങ്ങളേയും ദാനം ചെയ്ത് രാഹുവിന്റെ ഗ്രഹപ്പിഴയിൽ നിന്നും മുക്തമാവണം.

### വരദാനം–ഏകമതത്തിലൂടെയും,ഏകരസഅവസ്ഥയിലൂടെയും ഭൂമിയെ ഫലദായകമാക്കി മാറ്റുന്ന ധൈര്യശാലിയായി ഭവിക്കട്ടെ.

എപ്പോഴാണോ നിങ്ങൾ കുട്ടികൾ ധൈര്യശാലികളായി സംഘടനയിൽ ഏകഅഭിപ്രായത്തോടും, ഏകര സഅവസ്ഥയോടും കൂടി ഇരിക്കുന്നത് അഥവാ ഒരുമയോടെ കാര്യങ്ങൾ ചെയ്യാൻതുടങ്ങുന്നത്, അപ്പോൾ സ്വയം സന്തോഷവാൻമാരായി ഇരിക്കാനാവുകയും, ഭൂമിയെ ഫലഭൂയിഷ്ഠമാക്കി മാറ്റാനാവുകയും കഴി യുന്നു. എങ്ങിനെയാണോ ഇന്നത്തെക്കാലത്ത് സയൻസിന്റെ ശക്തിയിലൂടെ വിത്ത് പാകി വൈകാതെതന്നെ ഫലം ലഭിക്കുന്നത്, അതുപോലെ സൈലൻസിന്റെ ശക്തിയിലൂടെ സഹജമായും, തീവ്രഗതിയിലും പ്രത്യ ക്ഷതയും കാണാനാവും. എപ്പോൾ സ്വയം നിർവിഘ്നമായി ഇരുന്ന് ഒരുബാബയുടെ ഓർമ്മയിൽ മുഴുകി യിരിക്കുന്നത്, ഏകഅഭിപ്രായത്തിൽ ഏകരസമായി ഇരിക്കുന്നത് അപ്പോൾ അന്യആത്മാക്കൾപോലും താനേ സഹയോഗികളായിമാറുകയും, ഭൂമിഫലദായകമായി മാറുകയും ചെയ്യുന്നു.

### സ്ലോഗൻ: ആരാണോ അഭിമാനത്തെ അന്തസ്സായി കാണുന്നത്,അവർക്കൊരിക്കലും വിന യമുള്ളവരാകാൻ കഴിയില്ല.

**അവ്യക്തസൂചന–ഏകാന്തപ്രിയരായി മാറൂ...ഏകതയെയും,ഏകാഗ്രതയെയും സ്വന്തമാക്കൂ...**
ഏകാന്തവാസിയും,പുതുമകൊണ്ടുവരുന്നവരും –ഈ രണ്ട് വാക്കുകൾ തമ്മിൽ വളരെ അന്തരമുണ്ട്.എ ന്നാൽ സമ്പൂർണ്ണത ലഭിക്കാൻ ഇവരണ്ടും സമാനമായി ഉണ്ടാകണം.ഇപ്പോഴിപ്പോൾ ഏകാന്തവാസി,ഇ പ്പോഴിപ്പോൾ പുതുമകൊണ്ടുവരുന്നവർ....എത്രത്തോളം ഗംഭീരതയുണ്ടോ അത്രത്തോളം ഏവരുമായും ചേർന്ന് പോകുകയും ചെയ്യണം.ചേർന്നുപോവുക എന്നാൽ എല്ലാ സ്വഭാവസംസ്ക്കാരങ്ങളുമായും ചേർന്നുപോകുക എന്നാണർത്ഥം.